(3) കേസ്സന്വേഷണം ഫലപ്രദമാക്കി കുറ്റക്കാർക്കെതിരെ 1972-ലെ വന്യമൃഗ സംരക്ഷണ നിയമപ്രകാരം പരമാവധി ശിക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(4) വനം, വന്യജീവി സംരക്ഷണപ്രവർത്തനങ്ങളിൽ പ്രാദേശിക ജനവിഭാഗങ്ങളെക്കൂടി പങ്കാളികളാക്കുന്നതിനും, വനാശ്രിത ജനസമൂഹത്തിന്റെ ദൈനംദിനാവശ്യങ്ങളും ക്ഷേമകാര്യങ്ങളുടെ നടത്തിപ്പും ലക്ഷ്യമിട്ടുള്ള സംരക്ഷണ ശൈലിമാറ്റവും നടപ്പിലാക്കിവരുന്നു.

(സി) ഉണ്ട്. എന്നാൽ വന്യജീവികളും ജനങ്ങളും തമ്മിലുള്ള സംഘർഷം നില നിൽക്കുന്ന സ്ഥലങ്ങളിൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകാറുണ്ട്.

(ഡി) നായാട്ടുകാരുടെ ആധുനീക സജ്ജീകരണങ്ങളെ നേരിടുവാൻ മതിയായ സംവിധാനം വനംവകുപ്പുദ്യോഗസ്ഥർക്ക് ലഭ്യമല്ല. എന്നാൽ വനംവകുപ്പിൽ ആധുനീകരണത്തിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. അത്യാധുനിക ആയുധങ്ങളും സാറ്റലൈറ്റ് ഫോൺ നൈറ്റ് വ്യൂവിംഗ് സംവിധാനം എന്നിവയും പരിഗണനയിലുണ്ട്.

വിദേശ ഏജൻസികളുടെ ധനസഹായത്തോടെ ഗവേഷണ പ്രവർത്തനങ്ങൾ

*9 [892] ശ്രീ. എം. വി. ജയരാജൻ:
,, രാജു എബ്രഹാം:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ ഗവേഷണവിഭാഗത്തിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനും കാര്യക്ഷമമായ ഗവേഷണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) വിദേശ ഏജൻസികളുടെ ധനസഹായത്തോടെ നിലവിൽ എന്തെല്ലാം ഗവേഷണപ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്നു പറയാമോ;

(ഡി) വനമേഖലയിൽ കാണുന്ന എല്ലാ സസ്യങ്ങളുടെയും പ്രത്യേകിച്ച് അപൂർവ്വമായിക്കൊണ്ടിരിക്കുന്ന സസ്യങ്ങളുടെയും, ഡി.എൻ.എ. സീക്വൻസിംഗ്, ജീൻ മാപ്പിംഗ് തുടങ്ങിയ അത്യാധുനിക ജനിതക ഗവേഷണങ്ങളും പ്രവർത്തനങ്ങളും നടത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഉണ്ട്.

(ബി) വനംവകുപ്പിലെ ഗവേഷണ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സിൽവികൾച്ചറൽ റിസർച്ച് ഓഫീസർ എന്ന ഉദ്യോഗസ്ഥന്റെ കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന വനംവകുപ്പിലെ ഗവേഷണ വിഭാഗം വിഭജിച്ച് 2 ഡെപ്യൂട്ടി ഫോറസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

കൺസർവേറ്റർമാരുടെ അധീനതയിൽ ആക്കുകയുണ്ടായി. ഒരാളുടെ ആസ്ഥാനം തിരുവനന്തപുരത്തും മറ്റൊന്ന് തൃശ്ശൂരുമാണ്. ഓരോന്നിന്റെ കീഴിലും 3 റിസർച്ച് യൂണിറ്റുകൾ വീതം നിലവിൽ വന്നു. അതിൽ നാലെണ്ണം അസിസ്റ്റന്റ് കൺസർവേറ്റർ മാരുടെ കീഴിലും രണ്ടെണ്ണം റെയ്ഞ്ച് ഓഫീസർമാരുടെ കീഴിലും പ്രവർത്തിച്ചുവരുന്നു. സ്വാഭാവിക വനങ്ങളുടെയും, വന്യമൃഗ സങ്കേതങ്ങളുടെയും തോട്ടങ്ങളുടെയും പരിപാലന ത്തിലും സംരക്ഷണത്തിലും നേരിടുന്ന പ്രശ്നങ്ങൾ ഇൻഡ്യൻ കൗൺസിൽ ഓഫ് ഫോറസ്ട്രി റിസർച്ച് ആന്റ് എഡ്യൂക്കേഷൻ 1998-ൽ വനംവകുപ്പുമായി ചേർന്ന് നടത്തിയ ശിൽപ്പ ശാലയിൽ ചർച്ച ചെയ്യുകയും മുൻഗണനാക്രമത്തിൽ ഗവേഷണ വിഷയങ്ങളും ഓരോ വിഷയത്തിൽ വനംവകുപ്പ് നേരിടുന്ന പ്രശ്നങ്ങളും, പ്രശ്നപരിഹാരത്തിനുള്ള പ്രോജക്റ്റുകളും തെരഞ്ഞെടുത്ത് തയ്യാറാക്കുകയും അവ നാഷണൽ ഫോറസ്ട്രി റിസർച്ച് പ്ലാനിൽ ഉൾപ്പെടുത്തുകയുമുണ്ടായി. ഈ പ്രോജക്റ്റുകൾ ദേശീയഗവേഷണ സ്ഥാപനവും മറ്റിതര ഗവേഷണസ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. മുൻഗണനാക്രമത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിവിധ ഗവേഷണ സ്ഥാപനങ്ങൾക്ക് ഈ പ്രോജക്റ്റുകൾ നൽകിവരുന്നുണ്ട്. ഗവേഷണ സ്ഥാപനങ്ങളുടെ കണ്ടെത്തലുകളുടെയും ശുപാർശകളുടെയും അടിസ്ഥാനത്തിൽ വനംവകുപ്പിലെ ഗവേഷണ വിഭാഗം അവ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇത് കൂടാതെ പ്രധാനപ്പെട്ട മരങ്ങളുടെ മേൽത്തരം തൈകൾ ഉൽപ്പാദിപ്പിക്കുന്നതിന്റെ ഭാഗമായി മെച്ചപ്പെട്ട വിത്ത് ശേഖരിക്കുന്ന തിന് ഗുണനിലവാരമുള്ള മരങ്ങൾ ഉൾക്കൊള്ളുന്ന സീഡ് പ്രൊഡക്ഷൻ ഏരിയാകൾ തെരഞ്ഞടുത്ത് ശാസ്ത്രീയമായി പരിപാലിച്ച് വരുന്നു. ഇപ്രകാരം ശേഖരിക്കുന്ന മേൽത്തരം വിത്തുകൾ അവയുടെ ഗുണനിലവാരം അനുസരിച്ച് വേർതിരിച്ച് സൂക്ഷിക്കുന്നതിനും അവയുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തി വിതരണം ചെയ്യുന്നതിനും വിൽക്കുന്നതിനുമായി വനംവകുപ്പ് പീച്ചിയിൽ കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് ഒരു സീഡ് സെന്റർ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ വനംവകുപ്പിലെ ഗവേഷണവിഭാഗം തദ്ദേശീയ ഫലവൃക്ഷങ്ങളായ മാവ്, പ്ലാവ്, കുടംപുളി എന്നിവയുടെ ജൈവസമ്പത്ത് നിലനിറുത്തുന്ന തിന്റെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ പ്രസ്തുത ഫലവൃക്ഷങ്ങളുടെ ചെറിയ തോട്ടങ്ങൾ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിദേശ ഏജൻസികളുടെ ധനസഹായത്തോടെ നിലവിൽ പുതിയതായി ഗവേഷണപ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. എന്നാൽ ഗുണമേന്മയുള്ള വിത്തുൽപ്പാദ നത്തിനുവേണ്ടി 2000-ാം ആണ്ടിൽ വച്ചുപിടിപ്പിച്ച 12.86 ഹെക്ടർ സീഡ്ലിംഗ് സീഡ് ഓർക്കാഡിന്റെയും 4.20 ഹെക്ടർ ക്ലോണൽ സീഡ് ഓർക്കാഡിന്റെയും പരിചരണ പ്രവർത്തനങ്ങൾ ലോകബാങ്കിന്റെ ധനസഹായത്തോടെ നടത്തുന്നുണ്ട്. കൂടാതെ ലോക ബാങ്ക് ധനസഹായത്തോടെ തോട്ടങ്ങളുടെയും സ്വാഭാവിക വനങ്ങളുടെയും വളർച്ചാനിരക്കും മറ്റും പഠിക്കുന്നതിനുവേണ്ടി കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വിവിധ വനപ്രദേശ ങ്ങളിൽ എടുത്തിട്ടുള്ള സാമ്പിൾ പ്ലോട്ടുകളുടെ പരിചരണവും മേൽത്തരം വിത്തുൽപ്പാദന ത്തിനും ശേഖരണത്തിനും വിതരണത്തിനുമായി തേക്ക് തോട്ടങ്ങളിൽ ശാസ്ത്രീയമായി ഇട മുറി നടത്തി സീഡ് പ്രൊഡക്ഷൻ ഏരിയാകളും ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) വനംവകുപ്പിൽ ഇത്തരം പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly